മേൽപ്പറഞ്ഞ പദ്ധതികൾക്ക് ലോക ബാങ്ക് അംഗീകാരം നൽകി ക്കഴിഞ്ഞു. കരാർ ഒപ്പുവച്ചുകഴിഞ്ഞാലുടൻ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഈ പദ്ധതികളുടെ നടത്തിപ്പിലേക്കായി ലോക ബാങ്കിൽനിന്നും 4.1 കോടി അമേരിക്കൻ ഡോളറിന് തുല്യമായ തുക വായ്പയായി ലഭിക്കുന്നതാണ്.

(സി) 97.111 കോടി രൂപയാണ്.

പാപ്പിനിശ്ശേരി പുഴ

118 [323] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി പുഴയുടെ സൈഡ് കെട്ടി ഉപ്പുവെള്ളം കയറുന്നത് തടയാൻ മൈനർ ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി) പാപ്പിനിശ്ശേരി പുഴ എന്നു പറയുന്നത് വളപട്ടണം പുഴയാണ്. ഇവിടെ രണ്ട് ക്രോസ് ബാറുകൾ ഉണ്ട്. ഒന്ന് നലകത്തു തോടിനും മറെറാന്ന് ചേലങ്കാവ് തോടിനും കുറുകെയുള്ള താണ്. ഈ ക്രോസ് ബാറുകൾ തമ്മിൽ ബന്ധിച്ച് രണ്ടു ബണ്ടു കെട്ടി യാൽ മാത്രമേ ഇവിടെ ഉപ്പുവെള്ളം കയറുന്നതു തടയാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി ഏകദേശം 13 ലക്ഷംരൂപ വേണ്ടിവരും. തൽക്കാലം ചേലങ്കാവ് ക്രോസ് ബാറിൻെറ റിപ്പെയർ ചെയ്യുവാൻ ടെണ്ടർ വിളിച്ചി ട്ടുണ്ട്. ഇതു റിപ്പെയർ ചെയ്താൽ കുറച്ചു ഭാഗം ഉപ്പുവെള്ളം കയറുന്നതു തടയാൻ കഴിയും.

ഉപ്പൂടു ലിഫ്റ്റ് ഇറിഗേഷൻ

119 [324] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേ കല്ലട പഞ്ചായത്തിലെ ഉപ്പൂടു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നടക്കുന്ന കനാലിൻെറ നിർമ്മാണം ഇപ്പോൾ ഏത് അവസ്ഥയിലാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൻെറ പണി എന്നു പൂർത്തിയാകും?

ഉത്തരം

(എ) ഉപ്പൂടു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നടക്കുന്ന കനാലിൻെറ പണികളുടെ മൂന്നിൽ രണ്ടുഭാഗം പൂർത്തിയായി ട്ടുണ്ട്.

(ബി) കാലാവധിയായ 25–5–1986-നു മുൻപ് പണി തീർക്കാ മെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly